


## ബാലകലാമേള

കലയുടെ നേതൃത്വത്തിൽ കുവൈറ്റിലെ ഇൻഡ്യൻ സ്കൂൾ കുട്ടികൾക്കായി ബാലകലാമേള സംഘടിപ്പിച്ചു. 2008 മേയ് 2-ാം തീയതി വെള്ളിയാഴ്ച രാവിലെ മുതൽ ബൻജി ബൻസൺ നഗറിൽ (കാർമൽ സ്കൂൾ ഖൈത്താൻ) നടന്ന ബാലകലാമേളയിൽ 600ന് മുകളിൽ കുട്ടികൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് ഇൻഡ്യൻ അംബാസ്സിഡർ എം. ഗണപതി ബാലകലാമേള ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് പി. ആർ. ബാബു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മലയിൽ മൂസക്കോയ, ടൈറ്റസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജന:സക്രട്ടറി ആർ. രമേശൻ സ്വാഗതവും, ധ്വനി ജന:കൺവീനർ ആർ. നാഗനാഥൻ നന്ദിയും പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം ശ്രുതി, താളം, ലയം, വർണ്ണം, രാഗം, താനം, പല്ലവി എന്നിങ്ങനെ ഏഴു സ്റ്റേജുകളിലായി നടന്ന മത്സരങ്ങൾ വിദ്യാർത്ഥികളുടെ കഴിവുകൾ മാറ്റുരയ്ക്കുവാൻ ലഭിച്ച അവസരമായിരുന്നു.

ഏറ്റവും കൂടുതൽ പോയിൻറുകൾ നേടി ഭാരതീയ വിദ്യാഭവൻ സ്കൂൾ ബൻജി ബൻസൺ ട്രോഫി കരസ്ഥമാക്കി.



ബാലകലാമേളയിൽ ചിത്രരചനാമത്സരത്തിൽ കുട്ടികൾ ചിത്രം വരയ്ക്കുന്നു.




നൃത്ത ഇനങ്ങളിൽ നിന്ന്




ഭാരതീയ വിദ്യാഭവൻ സ്കൂൾ സ്പീക്കറിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു.